പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 909 12-12-2012-ൽ മറുപടിക്ക്

കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കിളിമാനൂർ, മടവൂർ, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) ഈ പദ്ധതിയിൽ വരുന്ന നിർമ്മാണ പ്രവൃത്തികളെ ഏഴ് പാക്കേജുകളായി തിരിച്ചിരിക്കുന്നു.<br><br>പാക്കേജ് 1-<br>റാ വാട്ടർ പമ്പിംഗ് മെയിനിനും ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിനും വേണ്ട 350 mm., 250mm, 2150mm D1K9 പൈപ്പുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, കൈലാസം കുന്നിൽ 14.64 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഭൂതല ജലസംഭരണി സ്ഥാപിക്കൽ. ഈ പാക്കേജിന്റെ ടെണ്ടർ അംഗീകരിച്ച് 23-11-2012-ൽ സൂപ്രണ്ടിംഗ് എൻജിനീയറുടെ ഓഫീസിൽ നിന്നും വർക്ക് ഓർഡർ നൽകി. കോൺട്രാക്ടർ എഗ്രിമെന്റ് വെയ്ക്കേണ്ടതായിട്ടുണ്ട്. പൈപ്പുലൈൻ ഇടുന്നതിയായി KSTP യിൽ നിന്നും റോഡ് കട്ടിംഗിന് അനുമതി ലഭിക്കണം. |

പാക്കേജ് II.

ഇരട്ടച്ചിറയിൽ 8.77MLD ശേഷിയുള്ള ഒരു ജലശുദ്ധീകരണ ശാല സ്ഥാപിക്കലും അനുബന്ധ പണികളും --
ഈ പാക്കേജിന്റെ പണികൾ പുരോഗമിക്കുന്നു. ഉദ്ദേശം 35% പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

പാക്കേജ് III.

ജലവിതരണ ശൃംഖല സോൺ 3 ന വേണ്ടി 300 mm D1K9 മുതൽ 50 mm PVC വരെയുള്ള പൈപ്പുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി --
ഈ പാക്കേജിന്റെ ഭാഗമായിട്ടുള്ള പണികളിൽ പൈപ്പ് സപ്ലൈ പൂർത്തിയായി. പൈപ്പ് ഇടുന്ന പണികൾ 25% പൂർത്തിയായിട്ടുണ്ട്.

പാക്കേജ് IV.

സോൺ 1 ന വേണ്ട ജലവിതരണം, ശൃംഖലാ പൈപ്പ് ലൈനുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, കടൽ കാണിക്കുന്നിൽ 4.54 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഒരു ഭൂതല ജല സംഭരണി സ്ഥാപിക്കൽ --
ഈ പാക്കേജിന്റെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുണ്ട്.

പാക്കേജ് V

വാമനപുരം നദിയിൽ കാരേറ്റ് ബ്രിഡ്ജിനടുത്തായി ഒരു വെൽ-കം-പമ്പ് ഹൌസ് സ്ഥാപിക്കൽ, തട്ടത്തുമലയിൽ 1.89 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സംപ്പും പമ്പ് ഹൌസും സ്ഥാപിക്കൽ,

ജലവിതരണ ശൃംഖലാ സോൺ II ന വേണ്ട പൈപ്പുകൾ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ --
ഈ പാക്കേജിന്റെ ടെണ്ടർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എഗ്രിമെന്റ് വയ്ക്കേണ്ടതായിട്ടുണ്ട്.

പാക്കേജ് VI
പമ്പും, മോട്ടോറുകളും ട്രാൻസ് ഫോർമറും സപ്ലൈ ചെയ്ത് സ്ഥാപിക്കൽ --
ഈ പാക്കേജിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

പാക്കേജ് VII.
സ്രോതസ് വിപുലീകരണവും, വാമനപുരം നദിയിൽ തടയണ നിർമ്മാണവും.
തടയണയുടെ വിശദമായ ഡിസൈൻ തയ്യാറാക്കാൻ വാസ് കോണിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയ്ക്കായി ആകെ എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതിന്റെ പണികൾ കരാർ എടുത്തിരിക്കുന്നവരുടെ പേരു വിവരം ലഭ്യമാക്കുമോ; ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | ഈ പദ്ധതിയുടെ ഭരണാനുമതി തുക 31 കോടി രൂപയാണ്. 2012-13 വർഷത്തെ ബഡ്ജറ്റിൽ 444.44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ വിവിധ പാക്കേജുകളുടെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു:<br><br>പാക്കേജ് I.<br>M/s. അഭിരാം ഇൻഫ്രാ പ്രോജക്ട്സ് ലിമിറ്റഡ്, Flat No. IA/HRK റെസിഡൻസി, ബെൻജാര ഹിൽസ്, |

ഹൈദരാബാദ് (APAC- 5.31 കോടി രൂപ)

പാക്കേജ് II.

M/s. ചിക്കാഗോ കൺസ്ട്രക്ഷൻസ്, ചിത്തിര ലെയിൻ, കൊച്ചാർ റോഡ്, ശാസ്തമംഗലം, തിരുവനന്തപുരം
(APAC- 3.44 കോടി രൂപ)

പാക്കേജ് III.

ശ്രീ എൻ. വിനോദ് ലാൽ, ലാലാസ്, തട്ടാമല, കൊല്ലം
(APAC- 4.62 കോടി രൂപ)

പാക്കേജ് IV.

M/s. J&B എൻജിനീയറിംഗ് & കൺസ്ട്രക്ഷൻ കമ്പനി, കുറ്റൂർ പി.ഒ., തിരുവല്ല
(APAC- 4.12 കോടി രൂപ)

പാക്കേജ് V.

ശ്രീ. ജി. സുരേഷ്, സുനിതാ ഭവൻ, അവനവഞ്ചേരി, ആറ്റിങ്ങൽ
(APAC- 2.58 കോടി രൂപ)

ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള പൈപ്പ് ലൈൻ വർക്കുകൾക്ക് റോഡ് കട്ടിംഗ് അനുമതി KSTP യിൽ നിന്നും PWD യിൽ നിന്നും യഥാസമയം ലഭിക്കുകയാണെങ്കിൽ 2014 മാർച്ച് മാസത്തോടു കൂടി ഈ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(signature)

സെക്ഷൻ ഓഫീസർ